**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** — **23-08-2022 - ൽ മറുപടിയ്ക്ക്**

**വൺ ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 'വൺ ഹെൽത്ത് ' പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | **ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ 4 പമ്പാ നദീതട ജില്ലകളിൽ വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 മെയ് 17 ന് ബഹു.മുഖ്യമന്ത്രി നിർവഹിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടം RKI, വേൾഡ് ബാങ്ക് സഹായത്തോടെ കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാലു പമ്പാനദീതട ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. തുടർന്ന് ബാക്കിയുള്ള പത്ത് ജില്ലകളിലേയ്ക്കും ഈ പദ്ധതി വ്യാപിപിക്കുന്നതാണ്. വൺ ഹെൽത്ത് പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി NKKP2 ന്റെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കുന്നതാണ്.**<br><br>**ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു ആശയമാണ് 'വൺ ഹെൽത്ത് ' പദ്ധതി. "മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ, ഇവയെല്ലാം അധിവസിക്കുന്ന പരിസ്ഥിതി എന്നിവ തമ്മിലുള്ള പരസ്പര ബന്ധം അംഗീകരിച്ച കൊണ്ട് അനുയോജ്യമായ ആരോഗ്യ ഫലങ്ങൾ കൈവരിക്കുക" എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടേയും, സസ്യങ്ങളുടേയും, പരിസ്ഥിതിയുടേയും എല്ലാം ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണം, കണ്ടെത്തൽ, ഇടപെടലുകൾ എന്നിവയ്ക്കായി ഒന്നിലധികം തലങ്ങളിൽ സമഗ്രമായ സമീപനം സ്വീകരിക്കുന്നതിന്, മൃഗങ്ങളിൽ** |

| | | | |
|---|---|---|---|
| | | | **നിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽ നിന്നും പകരുന്ന പകർച്ചവ്യാധികളെ തിരിച്ചറിയാനോ കണ്ടെത്താനോ ഒന്നിലധികം തലങ്ങളിലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതാണ്. അതിനാൽ മനുഷ്യ, മൃഗ, പാരിസ്ഥിതിക ഇന്റർഫേസ് ഉൾക്കൊള്ളുന്ന എല്ലാ ആരോഗ്യ പ്രശ്നങ്ങളും 'വൺ ഹെൽത്ത്' പദ്ധതി വഴി നടപ്പിലാക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാന, ജില്ലാ/ വാർഡ് തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനം വളരെ നിർണ്ണായകമാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഉൾപ്പെടുത്തി സംസ്ഥാനതല ഗവേണൻസ് കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതലത്തിൽ ഇത്തരം ആരോഗ്യ സമിതികൾ രൂപീകരിക്കുന്നതിന് G.O (Rt) No. 399/2022/H&FWD Dated. 19.02.2022 പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ, ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്നിവ വിശദമാക്കാമോ? | (ബി) | വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് വരുന്ന വിവിധ വകുപ്പുകളുടെ ഏകോപിപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഇതിന് വേണ്ടി 4 ജില്ലകളിൽ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും തദ്ദേശസ്വയം ഭരണസ്ഥാപന തലത്തിലും Pre Launch പ്രവർത്തനങ്ങൾ നടത്തി. തുടർന്ന് ജില്ലാ-ബ്ലോക്ക് തലങ്ങൾ Launch പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. തുടർന്ന് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി എന്നീ ജില്ലകളിലെ ജനപ്രതിനിധികൾ, വകുപ്പുതല അധ്യക്ഷന്മാർ, ജില്ലാതല ഉദ്യോഗസ്ഥ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് ആഗസ്റ്റ് 10, 12, 17 തീയതിയിൽ സംസ്ഥാനതല Workshop-കൾ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ നാലു ജില്ലകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള പരിശീലന പരിപാടികൾ കില (KILA) വഴി നടത്തുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ വകുപ്പ് സ്വീകരിച്ചു വരുന്നു. ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി SHRC വഴി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഏകാരോഗ്യ പദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇവയാണ്.<br><br>1) മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേയ്ക്ക് പകരുന്ന രോഗങ്ങൾക്ക് കാരണമായേക്കാവുന്ന സംഭവങ്ങളുടെ നിരീക്ഷണത്തിനും, നിയന്ത്രണത്തിനും പൊതുജനപങ്കാളിത്തത്തോടെയുള്ള സുസ്ഥിരമായ നിരീക്ഷണ സംവിധാനം. |

| | | | |
|---|---|---|---|
| | | | 2) പകർച്ചവ്യാധികൾക്ക് കാരണമാകുന്ന ഘടകങ്ങളുടെ എത്രയും പട്ടെന്നുള്ള കണ്ടെത്തലും അവ നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ<br><br>3) ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള വകുപ്പുകളുടെ സംയോജനം, ഇതിന് വേണ്ടിയുള്ള ഒരു IT സംവിധാനം.<br><br>4) ജന്തുജന്യ രോഗങ്ങൾ യഥാസമയം കണ്ടെത്താനുള്ള ലബോറട്ടറി സംവിധാനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ശാക്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ